**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40** **11-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിനും സ്ഥാപനങ്ങൾക്കും ലഭിച്ച അംഗീകാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും സഹകരണ സ്ഥാപനങ്ങൾ ലോക സഹകരണ മോണിറ്ററിന്റെ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. അന്തർദേശീയ സഹകരണ സഖ്യവു (ICA) യൂറോപ്യൻ സഹകരണ റിസർച ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 01.12.2022-ന പ്രസിദ്ധീകരിച്ച world cooperative monito റിപ്പോർട്ട് പ്രകാരം കേരള ബാങ്കിന് ഏഷ്യയിൽ ഒന്നാം സ്ഥാനം ലഭിച്ചു. ലോകത്തെ ഏറ്റവു വലിയ 300 സഹകരണ സംഘങ്ങളുടെ പട്ടികയിൽ (Turnover/GDP per capit അടിസ്ഥാനത്തിൽ) ധനകാര്യ സേവന മേഖലയിലെ പ്രവർത്തനത്തിനാണ് ഏഷ്യയിൽ ഒന്നാം സ്ഥാനം കേരളാ ബാങ്കിന് ലഭിച്ചത്.<br><br>കൂടാതെ 1925-ാം മാണ്ട് കോഴിക്കോട ജില്ലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ലോക സഹകരണ സ്ഥാപനങ്ങളുടെ പട്ടികയിൽ ഇടം പിടിച്ചിട്ടുണ്ട്. അന്താരാഷ സഹകരണ സമിതിയുടെ റാങ്കിങ്ങ് പ്രകാര ഇൻഡസ്ട്രി & യൂട്ടിലിറ്റി മേഖലയിൽ തുടർച്ചയായി രണ്ടാം റാങ്ക് നിലനിർത്തുന്നതു ഏഷ്യാ പസഫിക്ക് മേഖലയിലെ എറ്റവും മികച സഹകരണ പ്രസ്ഥാനം എന്ന അംഗീകാര ലഭിച്ചതും, യു.എൻ.ഡി.പി യുടെ പ്രത്യേക പ്രശംസ നേടിയതുമായ സഹകരണ സംഘമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക സഹകരണ സംഘം (ULCCS) കേരളത്തിലെ ഉയർന്ന ഗുണനിലവാരത്തിലുള്ള റോഡുകൾ, ബ്രിഡ്ജുകൾ തുടങ്ങി വേഗത്തിൽ പൂർത്തിയാക്കുന്ന നാഷണൽ ഹൈവേയുടെ ആദ്യത്തെ റീച്ച് ചെയ്യുന്നതും ഊരാളുങ്കൽ |

| | | | | |
|---|---|---|---|---|
| | | | | സൊസൈറ്റിയാണ്. സഹകരണ രംഗത്തെ രാജ്യാന്തര സംഘടനയായ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് (ICA), 2019 ൽ ഊരാളുങ്കൽ സംഘത്തിന് അംഗത്വം നല്കി ആദരിച്ചു. ISO 14001, 9001, 4500 സർട്ടിഫൈഡ് സ്ഥാപനമായ ULCCS ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യത്തിലെ 17 എണ്ണത്തിൽ 13 ലക്ഷ്യങ്ങ കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഏഷ്യ പസഫിക് അന്താരാഷ്ട്ര സഹകരണ സഖ്യം ഇ സ്ഥാപനത്തെ ഏഷ്യ പസഫിക്ക് മേഖലയിലെ ഏറ്റവും മികച്ച സഹകരണ സ്ഥാപനമായ തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | സാമൂഹ്യ സുരക്ഷാ മേഖലയിൽ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; സാമൂഹിക ഉത്തരവാദിത്തം നിറവേറ്റുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾക്ക് വകുപ്പിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | | സാമൂഹ്യ സുരക്ഷാ മേഖലയിൽ വകു നടത്തിവരുന്ന പ്രവർത്തനങ്ങ വിലയിരുത്തിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br><br>**സാന്ത്വനം പരിചരണം സഹകരണ മേഖലയിലൂടെ.**<br><br>കേരള സർക്കാരിന്റെ രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി സഹകരണ വകു ഗുണമേന്മയുള്ള സാന്ത്വന പരിചരണ സഹകരണ മേഖയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർദ്ധക്യത്തെയു രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരു ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകൾ പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുവാൻ ഉതകുന്ന സഹകരണ ആശുപത്രികൾ ഇല്ലാത്തതിനാൽ ടി ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി പദ്ധതി ആരംഭിക്കുകയുണ്ടായി. നിലവിൽ 2 ആശുപത്രി സഹകരണ സംഘങ്ങ പാലിയേറ്റീവ് കെയർ പദ്ധതിയിൽ വരുന്നു.<br><br>**സാമൂഹ്യ സുരക്ഷാ പെൻഷൻ** |

സാമൂഹ്യ സുരക്ഷാ മേഖലയിലെ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷന്‍ വിതരണത്തിനുള്ള തുക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേ വിതരണം നടത്തിവരുന്നു. 2023-2 വർഷത്തിൽ രണ്ട് ഘട്ടങ്ങളിലായി 1378.6 കോടി രൂപയാണ് സഹകരണ സംഘങ്ങളിൽ നിന്നും സമാഹരിച്ചിട്ടുള്ളത്. മുൻകാലങ്ങളിൽ സമാഹരിച്ചിട്ടുള്ള 4601.33 കോടി രൂ ഉൾപ്പെടെ ആകെ 5979.93 കോടി രൂപയുടെ നിക്ഷേപമാണ് ഈ മേഖലയിൽ സഹകരണ സംഘങ്ങൾക്ക് നിലവിലുള്ളത്.

**കെയർ ഹോം പദ്ധതി.**

സാമൂഹിക ഉത്തരവാദിത്തം നിറവേറ്റുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കെയർ ഹോം പദ്ധതി. 2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകു നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2000 വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് എന്നാൽ 2092 വീടുകൾ നിർമ്മിക്കുകയു ഗുണഭോക്താക്കൾക്ക് വീടുകൾ കൈമാറുകയു ചെയ്തു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭവന സമുച്ചയങ്ങളാണ് നിർമ്മിക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായ തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാ പഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാന്‍ കഴിയുന്ന ഭവന സമുച്ചയം നിർമ്മിക്കുകയു 2021 ഡിസംബർ 6 ന് ബഹു.കേരള മുഖ്യമന്ത്ര ഉദ്ഘാടനം നിർവ്വഹിച്ച് ഗുണഭോക്താക്കൾക്ക കൈമാറുകയും ചെയ്തു. പാലക്കാട് ജില്ലയിലെ കണ്ണാടി വില്ലേജിൽ 28 കുടുംബങ്ങൾക്ക താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റേയും, കണ്ണൂർ ജില്ലയിൽ പന്നിയൂ വില്ലേജിൽ 18 കുടുംബങ്ങൾക്ക് താമസിക്കാന്‍ കഴിയുന്ന ഭവന സമുച്ചയത്തിന്റേയും നിർമ്മാണം പുരോഗമിക്കുന്നു. മലപ്പുറ ജില്ലയിലെ പൊന്നാനി താലൂക്കിൽ എടപ്പാ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള

സ്ഥലത്ത് 40 കുടുംബങ്ങൾക്കുള്ള ഭവ സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപ ആരംഭിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതിയു ഒന്നാംഘട്ടത്തിൽ ദേശീയതലത്തി നൽകപ്പെടുന്ന SKOCH അവാർഡ് 202 പദ്ധതിക്ക് ലഭിക്കുകയുണ്ടായി.

**<u>ശുചിത്വം സഹകരണം.</u>**

ബഹു.മുഖ്യമന്ത്രിയുടെ ആദ്യഘട്ട 100 ദി കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി രൂപീകരി 30 യുവജന സഹകരണ സംഘങ്ങളി കോട്ടയം ജില്ലയിൽ വെളിയന്നൂ ആസ്ഥാനമാക്കി പ്രവർത്തനമാരംഭിച്ച ഒ യുവജന സഹകരണ സംഘമാണ് ഇ-നാ യുവജന സഹകരണ സംഘം. മാലിന നിർമ്മാർജന പ്രവർത്തനങ്ങളാണ സംഘത്തിന്റെ മുഖ്യ പ്രവർത്തന ലക്ഷ്യം. കേര ശുചിത്വ മിഷന്റെ അംഗീകൃത സർവ്വീ പ്രൊവൈഡറാണ് ഇ-നാട് സഹകരണ സംഘം.

**<u>പുനർജനി പദ്ധതി</u>**

സഹകരണ മേഖലയിൽ പട്ടികജാത പട്ടികവർഗ്ഗ യുവജനങ്ങളുടെ പങ്കാളിത്ത ഉറപ്പാക്കുന്നതിനായി ഈ സർക്കാരിന്റെ രണ്ടാം ഘട്ട 100 ദിന കർമ്മ പദ്ധതിയു ഭാഗമായി ഒരു ജില്ലയിൽ ഒന്നുവീതം 1 പട്ടികജാതി പട്ടികവർഗ്ഗ യുവജന സംഘങ്ങ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു.

സംസ്ഥാനത്ത് സഹകരണ സംഘ രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലു പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളെ ഉദ്ധരിക്കുന്നതിനു സാമ്പത്തികമായി സ്വയംപര്യപ്തമാക്കുന്നതിനുമായി 2022-2 മുതൽ പുനർജനി പദ്ധതി നടപ്പിലാക്കി വരുന്ന ഈ പദ്ധതി മുഖേന ഇതുവരെ 25 പട്ടികജാത പട്ടികവർഗ്ഗ സഹകരണ സംഘങ്ങളു പദ്ധതികൾക്ക് ധനസഹായ അനുവദിച്ചിട്ടുണ്ട്.

**<u>സാമൂഹ്യ സുരക്ഷാ മേഖലയിൽ കേരള ബാങ്കിന്റെ ഇടപെടൽ.</u>**

കോവിഡ് പ്രതിസന്ധി സമയത്ത് ബാങ്കിന്റെ നിലവിലെ വായ്പക്കാർക്ക് കെ.ബി. കോവിഡ

| | | | |
|---|---|---|---|
| | | | സുരക്ഷ എന്ന വായ്പാ പദ്ധതിയിലൂ നിലവിലെ വായ്പാ തുകയുടെ 25% വ അധിക വായ്പയായി അനുവദി നൽകിയിട്ടുണ്ട്. കൂടാതെ ടൂറിസം മേഖല കെ.ബി. ടൂറിസം ടേം ലോൺ, കെ.ബി. ടൂറിസ ഗോൾഡ് എന്നീ വായ്പാ പദ്ധതികൾ ടൂറിസ ഡിപ്പാർട്ട്മെന്റിന്റെ സബ്സിഡിയുൾപ്പെടുത്ത നടപ്പിലാക്കിയിരുന്നു. മടങ്ങിയെത്തി പ്രവാസികളുടെ പുനരുജ്ജീവനത്തിനായ നോർക്കാ വകുപ്പുമായി ചേർന്ന് കെ.ബ പ്രവാസി കിരൺ, കെ.ബി. പ്രവാസി ഭദ്ര വായ്പാ പദ്ധതികൾ അനുവദിച്ച് വരുന്ന കെ.ബി. പ്രവാസി കിരൺ പദ്ധതി പ്രകാര പരമാവധി 24 ലക്ഷം രൂപ വരെ 8 മാസക്കാലയളവിൽ അനുവദിക്കുന്നുണ്ട കൂടാതെ 3 ലക്ഷം രൂപ വരെ ക്യാപിറ്റ സബ്സിഡിയും ആദ്യ 4 വർഷത്തേക്ക് 3% പലിശ നിരക്കിൽ പലിശ സബ്സിഡിയു നൽകി വരുന്നുണ്ട്. കെ.ബി. പ്രവാസി ഭദ്ര പദ്ധതി പ്രകാരം പരമാവധി 5 ലക്ഷം രൂപ വ 60 മാസക്കാലയളവിൽ അനുവദിക്കുന്ന കൂടാതെ 1 ലക്ഷം രൂപ വരെ ക്യാപിറ്റ സബ്സിഡിയും ആദ്യ 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയും നൽകി വരുന്ന ഇതിനു പുറമേ ഉപജീവനത്തിനായി ചെറുകി കച്ചവടക്കാർക്കും ഇടത്തരം സംരംഭകർക്കു ബസ് ഉടമകൾക്കും സുവിധ പ്ലസ് വായ് പരമാവധി 5 ലക്ഷം രൂപ വരെ ഈടില്ലാതെ അനുവദിച്ച് നൽകുന്നുണ്ട്. |
| (സി) | ഈ മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങളുടെ വിശദാംശം നൽകുമോ? | (സി) | സഹകരണ മേഖലയിൽ നിലനിന്നിരുന്ന ത്രിതല സംവിധാനത്തിനു പകരം ഗ്രാമീണ ജനതക്കും കർഷകർക്കും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ബാങ്കിംഗ് സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ദ്വിതല സംവിധാനം വിജയകരമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം, വിഭവസമാഹരണവും വികസനവും, ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക നിർമ്മാർജ്ജനം, സാമ്പത്തിക സാക്ഷരതാ രംഗത്തുണ്ടായ മുന്നേറ്റം, വിവേകപരമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശപാലന രീതി, മികച്ച ലാഭനേട്ടം, ഭരണ നൈപുണ്യം, വിവര സാങ്കേതിക വിദ്യയിലും കമ്പ്യൂട്ടറൈസേഷനിലും ഉണ്ടായ നേട്ടങ്ങൾ, |

നേതൃത്വപാടവം തുടങ്ങിയവ പരിഗണിച്ചാണ് പ്രവർത്തന മികവിനുള്ള അവാർഡ് കേരള ബാങ്കിന് ദേശീയതലത്തിൽ ലഭിച്ചത്. 2019 -20 വർഷത്തെ അവാർഡ് 2022 ഏപ്രിൽ 25 ന് ഛത്തിസ്ഗഡിലെ റായ്പൂരിൽ നടന്ന ചടങ്ങിൽ സംസ്ഥാന സഹകരണ ബാങ്കിനു സമ്മാനിച്ചു. 2020-21, 2021-22 വർഷങ്ങളിലെ അവാർഡും കേരള ബാങ്കിന് ലഭിച്ചിരുന്നു. കൂടാതെ അന്തർദേശീയ സഹകരണ സഖ്യവും (ICA) യൂറോപ്യൻ സഹകരണ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 01.12.2022-ന് പ്രസിദ്ധീകരിച്ച world cooperative monitor റിപ്പോർട്ട് പ്രകാരം കേരള ബാങ്കിന് ഏഷ്യയിൽ ഒന്നാം സ്ഥാനം ലഭിച്ചു. ലോകത്തെ ഏറ്റവും വലിയ 300 സഹകരണ സംഘങ്ങളുടെ പട്ടികയിൽ (Turnover/GDP per capita അടിസ്ഥാനത്തിൽ) ധനകാര്യ സേവന മേഖലയിലെ പ്രവർത്തനത്തിനാണ് ഏഷ്യയിൽ ഒന്നാം സ്ഥാനം ബാങ്കിന് ലഭിച്ചത്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സംഘം ലോക സഹകരണ സ്ഥാപനങ്ങളുടെ പട്ടികയിൽ ഇടം പിടിച്ചിട്ടുണ്ട്. അന്താരാഷ്ട്ര സഹകരണ സമിതിയുടെ റാങ്കിങ്ങ് പ്രകാരം ഇൻഡസ്ട്രി & യൂട്ടിലിറ്റി മേഖലയിൽ തുടർച്ചയായി രണ്ടാം റാങ്ക് നിലനിർത്തുന്നതും, ഏഷ്യാപസഫിക്ക് മേഖലയിലെ എറ്റവും മികച്ച സഹകരണ പ്രസ്ഥാനം എന്ന അംഗീകാരം ലഭിച്ചതും, യുഎൻഡിപി യുടെ പ്രത്യേക പ്രശംസ നേടിയതുമായ സഹകരണ സംഘമാണ് ULCCS. കേരളത്തിലെ ഉയർന്ന ഗുണനിലവാരത്തിലുള്ള റോഡുകൾ, ബ്രിഡ്ജുകൾ തുടങ്ങി വേഗത്തിൽ പൂർത്തിയാക്കുന്ന നാഷണൽ ഹൈവേയുടെ ആദ്യത്തെ റീച്ച് ചെയ്യുന്നതും ഊരാളുങ്കൽ സൊസൈറ്റിയാണ്. സഹകരണ രംഗത്തെ രാജ്യാന്തര സംഘടനയായ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് (ICA) 2019-ൽ ഊരാളുങ്കൽ സംഘത്തിന് അംഗത്വം നല്കി ആദരിച്ചു. ISO 14001, 9001, 45001 സർട്ടിഫൈഡ് സ്ഥാപനമായ ULCCS ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യത്തിലെ 17 എണ്ണത്തിൽ 13 ലക്ഷ്യങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഏഷ്യ പസഫിക് അന്താരാഷ്ട്ര സഹകരണ സഖ്യം ഈ സ്ഥാപനത്തെ ഏഷ്യ പസഫിക്ക് മേഖലയിലെ ഏറ്റവും മികച്ച സഹകരണ സ്ഥാപനമായി തിരഞ്ഞെടുത്തിട്ടുണ്ട്.

സാമൂഹിക ഉത്തരവാദിത്തം നിറവേറ്റുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കെയർ ഹോം പദ്ധതി. കെയർ

| | | | |
|---|---|---|---|
| | | | ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ദേശീയതലത്തിൽ നൽകപ്പെടുന്ന SKOCH അവാർഡ് 2022 പദ്ധതിക്ക് ലഭിക്കുകയുണ്ടായി . |

സെക്ഷൻ ഓഫീസർ